Code No: 30

2017 18

# മഞ്ഞുതുള്ളിയോട്
## കാലം പറഞ്ഞത്...

നോക്കെത്താദൂരത്ത്
നീ
തലതല്ലുന്നു.
ദൂരെയെങ്ങോ
നീ
അലമുറയിടുന്നു.

ഇരുളിൻ
ദ്രവിച്ച ജാലകം
തള്ളിത്തുറന്നപ്പോൾ
കണ്ണു മിഴിച്ചുണർന്നൊരാ
ശരത്കണം
കണ്ടങ്ങകലെ,

കറുകയോടുന്ന
ചെമ്മണ്ണിലും,
കാട്ടുമരത്തിന്റെ
കടും പച്ചയിലയിലും
സൂര്യരശ്മികൾ ചമച്ച
ക്യാൻവാസിൽ
വാനത്തിൻ
കൃത്രിമ നിറക്കൂട്ടുകൾ...

തെരുവിലെ
മുനിയും വിളക്കുകാലിൻ
ചുവട്ടിലെ
സിഗരറ്റുകുറ്റികളും,
വേച്ചൊടുങ്ങിയ
പഥികരുടെ കാലടികളും
കാറ്റിൽപ്പറത്തി,
തേഞ്ഞ പല്ലുകാട്ടി ചിരിച്ചുമുരണ്ട്
ഒരു
ജെസിബി.
കുതറിയോടവേ,
അതിനുള്ളിൽ,
മുണ്ഡനം ചെയ്യപ്പെട്ട,
കുന്ന്
മരണത്തിൻ കരിമ്പടം
മൂടിപ്പുതച്ചു;

ഇന്നലെ രാത്രി
തന്റെ നെഞ്ചിലെ
ഇളം ചൂടു കൊണ്ടുറങ്ങിയ
കുഞ്ഞരുവിയുടെ
പൊട്ടിച്ചിരിക്കുന്ന പാദസരം
തട്ടിയെടുത്താരോ
അവളെ
ബലാത്സംഗം ചെയ്തു.

നിമിഷമിറ്റിറ്റു വീഴവേ,
മിടിക്കുന്ന ഹൃദയവും
ജെ.സി.ബിപ്പല്ലും
തമ്മിലെ
ദൂരം കുറഞ്ഞതും
പേക്കിനാവുപോൽ
ഓർക്കുന്നു ഇപ്പോഴും.
വരമ്പിൽ
തലയറുക്കപ്പെട്ട
പച്ചപ്പൊന്തന്മാരുടെ
ശവകുടീരം ഉയർന്നു.

ആഴിയിലെ
കരി എണ്ണയിൽ
ചുമച്ചു കുരുങ്ങിയ
മീനിന്റെ
വ്യഥിതകുമാരത്തിൻ
ശവപ്പെട്ടികൾ
നിരന്നു.

അംഗഭംഗം പൂണ്ട
ഹരിതഞരമ്പ്
ജീവരക്തത്തിൻ
ഉറവ തേടി.

കിളുവിയാ ഓസോണിൻ
കണ്ണുവെട്ടിച്ച്
'ന്യത്രജൻ' അൾട്രാവയലറ്റ് കിരണങ്ങൾ
ചൂടേറും സെൽഫിക്കായ്
മത്സരിച്ചു.

നദിയുടെ
മാറു തുരന്ന്
മുലയൂറ്റിയെടുത്താരോ
കാണാക്കയങ്ങൾ
തീർത്തു.
അവയ്ക്കുള്ളിലെ
നീറും വ്രണങ്ങൾ
ചലമൊലിപ്പിച്ചു
കരഞ്ഞു.

വർണ്ണശബളമീ
പൃഥ്വിയിലേക്കൊരു
കുഞ്ഞൻ മാനെന്ന
തല പൊക്കിയ
മാത്രയിൽ
അതേതോ
വഴിപോക്കന്റെ
ചെരുപ്പിനടിയിൽ
ചതഞ്ഞമർന്നു.

മുളച്ചു പൊന്തിയ
പ്രതീക്ഷതൻ
ഈയൽച്ചിറകുകൾ
ആരോ
നിഷ്കരുണം
വെട്ടിയെറിഞ്ഞു.
റെയിൽപ്പാളത്തിനടിയിൽ
അലിഞ്ഞലിഞ്ഞി-
ല്ലാതായ
പെണ്ണുങ്ങളുടെ
മാനത്തിൻ
നിലവിളി പോലെന്തോ
നീ
കേൾക്കുന്നുവോ
ഹിമകണമേ,
ഒരു വട്ടം കൂടി
കാതു കൂർപ്പിക്കു,
അത്,
പാടങ്ങളാൽ
തുന്നിച്ചേർത്ത
പാവാട
ചീന്തിയെറിയപ്പെട്ട
ധരയുടേതാണ്.

സുനാമിയായും ഹുദ്ഹുദായും

ഓഖിയായും

അവൾ

കണ്ണകിയാകുമ്പോൾ,

ഓർക്കുക,

നാളെയുടെ സൂര്യനാൽ

നീയും

താഴെ മണ്ണിൽ

മരിച്ചുവീഴും.

……